## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.30 | 28.10.2019- ൽ മറുപടിക്ക് |
| --- | --- |

# പ്രളയാനന്തര പുനർനിർമ്മാണ പുരോഗതി

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| | ശ്രീ.എസ്.ശർമ്മ<br>,, ജോർജ് എം. തോമസ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ബി.ഡി. ദേവസ്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്ത് ദുരന്തങ്ങൾ ആവർത്തിക്കാനിടയാക്കുന്ന സാഹചര്യത്തിൽ പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള വികസന മാതൃക ആവിഷ്കരിക്കുന്നതിന് സാധ്യതാപഠനം നടത്തുമോ; | (എ) & (ബി) | പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള പുനർനിർമാണം എന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. പാരിസ്ഥിതികസൗഹാർദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാനുള്ള ശേഷിയോടെ ആസ്തികൾ പുനർനിർമിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>ദുരന്തലഘൂകരണം സാധ്യമാക്കുന്ന തരത്തിൽ ഉയർന്ന എൻജിനീയറിങ് നിലവാരം, കാലാവസ്ഥാമാറ്റത്തിന്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങളുടെ അപകടം കുറയ്ക്കുന്നതിനായുള്ള ദുരന്തനിവാരണ രീതികളും സങ്കേതങ്ങളും, ആവാസ വ്യവസ്ഥകളെ സംരക്ഷിക്കുക, പരിസ്ഥിതി സൗഹൃദപരവും ചെലവുകുറഞ്ഞതുമായ രീതികളിലൂടെ ദുരന്താഘാതം കുറയ്ക്കുക തുടങ്ങിയവ പുനർനിർമാണ പദ്ധതികളുടെ ഭാഗമാകും. |
| (ബി) | സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള ബൃഹത്തായ പ്രളയാനന്തര കേരള പുനർനിർമ്മാണം ലക്ഷ്യം നേടുന്നതിന്റെ പുരോഗതി അറിയിക്കാമോ? | | |

പുനർനിർമാണ പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ)ന് രൂപം നൽകിയത്. 2018 ലെ പ്രളയാനന്തരം അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ നടത്തിയ പഠനമായ പി.ഡി.എൻ.എ. (Post Disaster Needs Assessment) യുടെ നിർദേശങ്ങൾ കൂടി പരിഗണിച്ച് ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാനരേഖയായ കേരള പുനർനിർമാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ പദ്ധതികൾ പരിഗണിച്ചുവരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

1.പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി

| | | | |
|---|---|---|---|
| | | | നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ )<br>ജലവിഭവം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്. |
| സി) | പ്രളയത്തിൽ തകർന്നവയ്ക്ക് പകരം വീട് ലൈഫ് | (സി) | പ്രളയത്തിൽ തകർന്ന വീടുകൾക്ക് പകരം വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി |

| | |
|---|---|
| മിഷനിൽപ്പെടുത്തി നിർമ്മിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ; സാമ്പ്രദായിക രീതിക്കുപകരം അതിജീവന ശേഷിയുള്ള നിർമ്മാണരീതി അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | നിർമ്മിക്കുന്നില്ല. പ്രളയത്തിൽ തകർന്ന വീടുകളുടെ നിർമാണം റവന്യൂ വകുപ്പ് മുഖേനയാണ്. 23/10/2019 വരെയുള്ള കണക്ക് പ്രകാരം, തകർന്ന 16380 വീടുകളിൽ 8115 വീടുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്. സർക്കാർ സഹായത്തോടെ ഉടമകൾ സ്വന്തമായി നിർമിച്ചതും കെയർ ഹോം പദ്ധതി , സ്പോൺസർമാർ എന്നിവ മുഖേന നിർമിച്ച നൽകിയതും ഇതിൽ ഉൾപ്പെടുന്നു. പ്രളയത്തിൽ തകർന്നവയ്ക്ക് പകരം നിർമിക്കുന്ന വീടുകൾ ചെലവു കുറഞ്ഞവയും പരിസ്ഥിതിസൗഹൃദവും പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ ശേഷിയുള്ളവയുമായിരിക്കണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിന് യോജിച്ച സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രീഫാബ് നിർമ്മാണ രീതി ഇതിന് ഉദാഹരണമാണ്. ഇതിൽ കോൺക്രീറ്റ് കെട്ടിടങ്ങൾക്കു പകരം പരിസ്ഥിതി സൗഹൃദ നിർമ്മാണരീതി ഉപയോഗപ്പെടുത്തുന്നു. ഈ സാങ്കേതികവിദ്യ ചെലവും ഭാരവും കുറഞ്ഞതാണ്. സാമഗ്രികൾ പുനരുപയോഗം ചെയ്യുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ